# രാമായണമാസാചരണം

ഭാരതഭൂമിയുടെ സംസ്കാരവും ചരിത്രവും രാമായണകഥയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഹിമവത്സേതുപര്യന്തമായ ഭാരതഖണ്ഡത്തെ സവിശേഷതകളുള്ള ഒരു ഭൂവിഭാഗമായി നിലനിർത്തുന്നതുതന്നെ സത്യവ്രതനും ധർമ്മിഷ്ഠനും നീതിമാനുമായ ശ്രീരാമചന്ദ്രന്റെ ചരിത്രമാണ്.

ഭാരതഖണ്ഡമാകെ സഹസ്രാബ്ദങ്ങളായി രാമകഥ പാടിപ്പോരുന്നു. എല്ലാ ദേശങ്ങളിലും എല്ലാ ഭാഷകളിലും രാമകഥാലോലുപന്മാരായ കവികൾ എക്കാലവും ഉണ്ടായിട്ടുണ്ട്. പല കാരണങ്ങളാലും ഭാരതഭൂമിയിൽ ഇടയ്ക്കിടെ ധർമ്മക്ഷയം സംഭവിച്ചിട്ടുണ്ട്. ആ അവസരങ്ങളിലെല്ലാം രാമകഥയുടെ പുനരാഖ്യാനങ്ങളും അതാതു നാടുകളിൽ ഉണ്ടായിട്ടുണ്ട്. നമ്മുടെ മലയാളനാടും ഈ പൊതുതത്ത്വത്തിൽനിന്നും വിഭിന്നമല്ല. എഴുത്തച്ഛനു മുമ്പും ഇവിടെ രാമകഥാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ട്. രാമചരിതവും രാമകഥപ്പാട്ടും കണ്ണശ്ശരാമായണവും അക്കൂട്ടത്തിൽപെടുന്നു. അതാതു ദേശങ്ങളിൽ ഈ രാമകഥകൾ പാടിയിരുന്നു എന്നതും വസ്തുതയാണ്. എന്നാൽ എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണത്തിനു ലഭിച്ച സർവാശ്ലേഷിയായ അംഗീകാരം മേല്പറഞ്ഞ കൃതികൾക്കൊന്നും ലഭിച്ചില്ല. മലയാളഭാഷയ്ക്കും സാഹിത്യത്തിനും എഴുത്തച്ഛന്റെ കൃതികൾ മാതൃകയാവുകയും ചെയ്തു.

വൈദേശികാക്രമണങ്ങൾകൊണ്ടും ഇതരസംസ്കാരങ്ങളുടെ സന്നിവേശംകൊണ്ടും കേരളനാടിന്റെ ചൈതന്യം ക്ഷയോന്മുഖമായിക്കൊണ്ടിരുന്ന കാലഘട്ടത്തിലാണ് എഴുത്തച്ഛന്റെ തിരുവവതാരം ഉണ്ടായത്. സ്വന്തം നാടിനും നാട്ടാർക്കും ഉണ്ടായ ധർമ്മച്യുതിയിൽ ആ ഗുരുനാഥന്റെ ഹൃദയം തപിച്ചു. നാട്ടുകാർക്കു മനസിലാകുന്ന ലളിതസുന്ദരമായ ഭാഷയിൽ അദ്ധ്യാത്മരാമായണം അദ്ദേഹം രചിക്കുകയും ശിഷ്യരെ പഠിപ്പിക്കുകയും ചെയ്തു. ഗുരുകുലങ്ങളിലൂടെ കേരളനാടാകെ രാമായണം പ്രചാരത്തിൽ വന്നു. ഹൈന്ദവകുടുംബങ്ങളിൽ രാമായണം നിത്യപാരായണഗ്രന്ഥമായി മാറി. അവരുടെ ജീവിതത്തിന് ചില ചിട്ടവട്ടങ്ങൾ ഉണ്ടായി. രാമന്റെ ധർമ്മനീതിയും സീതയുടെ ചാരിത്ര്യശുദ്ധിയും മാതൃകയാക്കി ജീവിക്കാനുള്ള ഉൾപ്രേരണ അവർക്കുണ്ടായി.

എന്നാൽ രണ്ടാംലോകമഹായുദ്ധം കഴിഞ്ഞതോടുകൂടി ലോകമാകെ വ്യാപിച്ച ഈശ്വരനിഷേധചിന്തകൾ കേരളീയജനജീവിതത്തിലും പകർച്ചവ്യാധിപോലെ പടർന്നുപിടിച്ചു. ക്ഷേത്രങ്ങൾ നശിപ്പിക്കപ്പെട്ടു. ഹിന്ദുക്കൾപോലും സനാതനധർമ്മത്തിന്റെ പൊരുളറിയാത്തവരായി മാറി. സമൂഹത്തിലാകെ അരാജകത്വം വ്യാപിച്ചു. ഗൃഹസദസുകളിലെ രാമായണപാരായണം മിക്കവാറും നിലച്ചമട്ടായി. ഭൗതികവും ആദ്ധ്യാത്മികവുമായ അപചയം നമ്മുടെ നാടിനെ ഗ്രസിച്ചു.

ഈ സാഹചര്യത്തിലാണ് രാമായണത്തെ കേന്ദ്രീകരിച്ചുകൊണ്ട് ആദ്ധ്യാത്മികനവോത്ഥാനത്തിനുവേണ്ടി ഹൈന്ദവനേതാക്കൾ ചിന്തിച്ചതും കർക്കടകമാസം രാമായണമാസമായി ആചരിക്കാൻ തീരുമാനിച്ചതും. ആ തീരുമാനം ഇന്ന് പൂർണ്ണഫലപ്രാപ്തിയിലെത്തിയിരിക്കുകയാണ്. ഇന്നലെ മുളച്ച നിഷേധാത്മകതത്ത്വശാസ്ത്രങ്ങൾ രാമായണമെന്ന ശാശ്വതസത്യത്തിനു മുമ്പിൽ കീഴടങ്ങിക്കഴിഞ്ഞു. മലയാളവർഷപ്രകാരമുള്ള അവസാനത്തെ മാസമാണ് കർക്കടകം. കാലവർഷം ഏറ്റവും ശക്തമായി പെയ്യുന്നതും കർക്കടകമാസത്തിലാണ്. വിളവെടുപ്പിന് സമയമാകാത്തതിനാൽ പഞ്ഞമാസം എന്ന ദുഷ്പേരും കർക്കടകത്തിനുണ്ടായിരുന്നു. സൂര്യപ്രകാശം ഏറ്റവും കുറച്ചുമാത്രം ലഭിക്കുന്നതിനാൽ കർക്കടകത്തിൽ രോഗസാധ്യതയും കൂടുതലാണ്. ഔഷധസേവയ്ക്ക് ഏറ്റവും ഉചിതമായ മാസമാണ് കർക്കടകം. വ്രതനിഷ്ഠയോടെ രാമകഥാസുധയെന്ന മഹൗഷധി സേവിച്ച് ഇഹപരസൗഖ്യങ്ങൾ നേടാനുള്ള ശ്രമം കേരളീയജീവിതത്തിന് പുതുജീവൻ നല്കിയിരിക്കുകയാണ്. കർക്കടകമാസത്തിലെ അമാവാസിദിവസം പിതൃസ്മരണ നടത്തുന്നതിനും കേരളീയഹിന്ദുസമൂഹം ഇന്ന് ഏറെ ശ്രദ്ധിക്കുന്നുണ്ട്. മലയാളി ദുരിതകാലമായി ഭയാശങ്കകളോടെ മാത്രം കണ്ടിരുന്ന കർക്കടകം പുണ്യമാസമായി മാറി.

കർക്കടകത്തിൽ നടത്തുന്ന ഒരാചാരം മാത്രമായി ശ്രീരാമസ്മരണയെ കണക്കാക്കരുത്. അത് നിത്യജീവിതത്തിൽ അനുഭവപാഠമാക്കണം. ആദ്ധ്യാത്മികതയുടെ പിൻബലമില്ലാതെ കെട്ടിപ്പൊക്കിയ സാമ്രാജ്യങ്ങൾ തകർന്നുവീണത് നാം കണ്ടുകഴിഞ്ഞു. അനുഷ്ഠാനബദ്ധമായ, ചിട്ടയോടെയുള്ള നിത്യജീവിതമാണ് നമുക്കുണ്ടാകേണ്ടത്. സമൂഹത്തിൽ തലപൊക്കുന്ന കലുഷതകൾ ഇല്ലാതാക്കുന്നതിന് അത് അത്യാവശ്യമാണ്. നായർ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ അഖിലകേരളാടിസ്ഥാനത്തിൽ രാമായണമേള നടത്തുന്നതും കരയോഗങ്ങൾതോറും ആദ്ധ്യാത്മികപഠനകേന്ദ്രങ്ങൾ നടത്തുന്നതും മഹത്തായ ഈ ലക്ഷ്യം നേടാനാണ്. മാതൃകാപരമായി ജീവിക്കുക എന്ന സന്ദേശത്തോടെ എല്ലാവർക്കും പുതുവർഷാശംസകൾ നേരുന്നു.